LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ഇല്ല.

(സി & ഡി) ഉത്തരം (എ &ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

നരിക്കുനി പോലീസ് സ്റ്റേഷൻ

193 (1937) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ആസ്ഥാനമായി പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നരിക്കുനി ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയോട് വിശദമായ ശിപാർശ ആവശ്യപ്പെട്ടിട്ടുണ്ട്.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം

194 (1938) ശ്രീ. എസ്. ശർമ്മ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സാഹചര്യം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കൊലപാതകങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളും കവർച്ചയും അഴിമതികളും കറ്റകൃത്യങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പോലീസ് സംവിധാനം കാര്യക്ഷമമാണോ ;ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നത് തെളിയിക്കുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്; നിലവിലുള്ള നിയമങ്ങളും മനുഷ്യാവകാശ പരിരക്ഷയും ഉറപ്പാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിലെ നിയമ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ലഭിക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2010 മുതൽ 2015 വരെയുള്ള എൻ.സി.ആർ.ബി യുടെയും എസ്. സി. ആർ. ബിയുടെയും കണക്കുകൾ പ്രകാരം കൊലപാതകം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യുള്ള അതിക്രമങ്ങളും കവർച്ചയും അഴിമതികളും കുറ്റകൃത്യങ്ങളും ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണുന്നില്ല.

(സി) സംസ്ഥാനത്തെ നിലവിലെ പോലീസ് സംവിധാനം കാര്യക്ഷമമാണ്.

(ഡി) കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും പോലീസിനെ കാര്യക്ഷമമാക്കുന്നതിലും വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ മനുഷ്യാവകാശ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്.

വർഗ്ഗീയ സംഘട്ടനങ്ങൾ

195(1939) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ വികാരം ഇളക്കി വിടാൻ ശ്രമിച്ച എത്ര പേരെ ഈ സർക്കാരിന്റെ കാലത്ത് അറസ്റ്റ് ചെയ്തുവെന്നും ഏതെല്ലാം സംഘടനകളെ നിയമ വിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ നിരോധിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്തുണ്ടായ വർഗ്ഗീയ സംഘട്ടനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വർഗ്ഗീയ വികാരം ഇളക്കിവിടാൻ ശ്രമിച്ചത് സംബന്ധിച്ച് ഈ സർക്കാരിന്റെ കാലത്ത് ആകെ 253 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിയമവിരുദ്ധ പ്രവർത്തനത്തിന്റെ പേരിൽ ഒരു സംഘടനയെയും നിരോധിച്ചിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആകെ 143 വർഗ്ഗീയ സംഘട്ടന ങ്ങളുണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly